**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2179 | 11.06.2018 ൽ മറുപടിക്ക്

## കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ട്രോമാ കെയർ യൂണിറ്റ്

| ചോദ്യം<br>ശ്രീ.കെ.ഡി. പ്രസേനൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | കുഴൽമന്ദം സാമൂഹ്യാരോഗ്യ കേന്ദ്രത്തിൽ ട്രോമാകെയർ യൂണിറ്റും, അനുബന്ധമായി 5 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെയും, 3 സ്റ്റാഫ് നേഴ്സുമാരുടെയും തസ്തികകളും അനുവദിച്ചിട്ടുണ്ട്. ട്രോമാകെയർ യൂണിറ്റ് നിർമ്മാണത്തിനാവശ്യമായ 51 സെന്റ് സ്ഥലം സാമൂഹ്യാരോഗ്യ കേന്ദ്രം കോമ്പൗണ്ടിനോടു ചേർന്ന് കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ട്രോമാകെയർ സംവിധാനത്തിനുവേണ്ടി കെട്ടിടവും അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കുന്നതിന് സിവിൽ വർക്സ്/ബിൽഡിംഗ് നവീകരണം എന്നിവയ്ക്കായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം നടത്തുവാനുള്ള തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | അതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം വെളിപ്പെടുത്താമോ? | (ബി) | 2018-19 സാമ്പത്തിക വർഷത്തെ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയിൽ ട്രോമാകെയർ യൂണിറ്റിനും റോഡ് നിർമ്മാണത്തിനുമായി 20 ലക്ഷം (ഇരുപത് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ